II ഇ.ബി. XV-കേരള നിയമസഭ/II-6

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 29 വ്യാഴം

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

13 (*151) മരംമുറി ഉത്തരവിൽ നിയമോപദേശം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, 1964-ലെ ഭൂപതിവ് ചട്ടം നിലനിൽക്കെ മരംമുറിയുമായി ബന്ധപ്പെട്ട് ഭരണവകുപ്പ് പുറപ്പെടുവിച്ച 11.03.2020-ലെ പരിപത്രവും 24.10.2020-ലെ ഉത്തരവും നിലനിൽക്കുന്നതല്ലാത്തതിനാൽ അവ റദ്ദ് ചെയ്ത് പ്രസ്തുത ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ടുവരുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ലെന്നും

നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ടാണ് ഇറക്കിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. ഭരണവകുപ്പ് ഇറക്കിയ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് പ്രവർത്തനം നടക്കുന്നതായി ബോദ്ധ്യപ്പെട്ടതിന്റെയും നിയമവകുപ്പ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ചും ടി ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. കേസ്സുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 14(*152) <u>സാമ്പത്തിക പുനരുജ്ജീവന പദ്ധതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വ-ദീർഘകാല നടപടികൾ വിഭാവന ചെയ്തിട്ടുണ്ടെന്നും പ്രകൃതി ദുരന്തങ്ങൾ, ലോക്ഡൗൺ നിയന്ത്രണങ്ങൾ, കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ, തുടങ്ങിയവ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്

20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളെയും വണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുകയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെയും നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെയും സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ്. കാർഷിക-വ്യാവസായിക-സേവനമേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുമെന്നും കോവിഡ് പ്രതിസന്ധിമൂലം മടങ്ങിയെത്തിയ പ്രവാസികൾക്ക് പ്രത്യേക പദ്ധതികളാവിഷ്കരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപമുയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് നികുതി ചോർച്ച, ഇ-വേ ബിൽ,

പ്ലാൻ സ്പേസ് തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വ്യാപാരി-വ്യവസായികളെയും ചെറുകിടക്കാരെയും സഹായിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് പണലഭ്യത ഉറപ്പാക്കുമെന്നും ഡിവിസിബിൾ പൂളിൽനിന്നും ലഭിക്കേണ്ട വിഹിതം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണെന്നും സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. വിഹിതം നേടിയെടുക്കുന്നതിന് ജി.എസ്.ടി. കൗൺസിലിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*153) <u>അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്ക്</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സാമ്പത്തിക മാന്ദ്യം പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക, പശ്ചാത്തല സൗകര്യ വികസനമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് കിഫ്ബി വഴിയുള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളതെന്നും നാളിതുവരെ 63257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഉദ്ദേശ്യലക്ഷ്യ പൂർത്തീകരണത്തിനുതകുന്ന കിഫ്ബിയുടെ പ്രവർത്തനങ്ങൾ തുടരുന്നുണ്ടെന്നും

ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായാണ് നടന്നുവരുന്നതെന്ന് പരിശോധിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓട്ടോ ലാബ്, ഡ്രോൺ ബേസ്ഡ് ക്വാളിറ്റി/പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം, സെൻട്രൽ ടെസ്റ്റിംഗ് ലാബ്, നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എക്വിപ്മെന്റ്, ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ, നെറ്റ്‌വർക്ക് ലാബ് സിസ്റ്റം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി റാങ്കിംഗ് ഏർപ്പെടുത്തുകയും പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകിവരുന്നുണ്ടെന്നും കിഫ് ആക്ട് പ്രകാരം കിഫ്ബിക്ക് നൽകുന്ന തുകയിൽ അപ്രതീക്ഷിത കാരണങ്ങളാലുണ്ടാകുന്ന കുറവ് സർക്കാർ നികത്തുന്നതാണെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടിക്രമങ്ങൾ പൂർത്തിയാക്കിയ

പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകളും ജില്ലാ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു വാർഡുകളും കിഫ്ബി വഴി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത്, വൈദ്യുതി, ജലസേചനം എന്നീ വകുപ്പുകളുമായി യോജിച്ച് നടപടി സ്വീകരിക്കുന്നതാണ്. ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായെങ്കിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സർക്കാർ അതീവജാഗ്രത പുലർത്തിവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.